# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2660 09.03.2017-ലെ മറുപടി

## കാസർഗോഡ് ജില്ലയിൽ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ : | | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ | കാസർഗോഡ് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും കുടിവെള്ള പദ്ധതിക്ക് പ്രാഥമികാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | എ & ബി - കാസർഗോഡ് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി (കിഫ്ബി) കാസർഗോഡ് മുൻസിപ്പാലിറ്റിയ്ക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടി 76 കോടി രൂപയുടെ കുടിവെള്ള പദ്ധതി ഒന്നാംഘട്ടത്തിനായി ഭരണാനുമതിയും കിഫ്ബിയിൽ നിന്നും അംഗീകാരവും നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിയ്ക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി | ഇതിന്റെ ഡി.പി.ആർ (detailed project report) തുടർ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | |

കൂടാതെ ജലചോർച്ച തടയാനായി 2016-17 പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 300 ലക്ഷം രൂപയുടെ ഉപ്പളയും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ശുദ്ധീകരണശാല മുതൽ ഉപ്പളവരെയുള്ള പഴക്കം ചെന്നതും കേടായതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ -ന് ഭരണാനുമതി നൽകിയിട്ടുണ്ട്.

താഴെപ്പറയുന്ന 2 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

1. കാസർഗോഡ് കുടിവെള്ള പദ്ധതി - വിദ്യാനഗർ കേരള വാട്ടർ അതോറിറ്റി കോമ്പൗണ്ട് മുതൽ കാസർഗോഡ് പഴയ ബസ് സ്റ്റാന്റ് വരെയുള്ള പഴക്കം ചെന്നതും കേടായതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ - 250 ലക്ഷം രൂപ
2. ബദിയടുക്ക നീർച്ചാൽ വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതി - പഴക്കം ചെന്നതും കേടായതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ - 250 ലക്ഷം രൂപ

ജലനിധി രണ്ടാംഘട്ടം – ബാച്ച് 3-ൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ മീഞ്ച, കിനാനൂർ-കരിന്തളം, ഗ്രാമപഞ്ചായത്തുകളാണ് കുടിവെള്ള പദ്ധതിയ്ക്കായി തിരഞ്ഞെടുത്തിട്ടുള്ളത്. മീഞ്ച പഞ്ചായത്തിൽ ആകെയുള്ള 30 കുടിവെള്ള പദ്ധതികളിൽ 25 എണ്ണത്തിന് ഇതിനകം ഭരണാനുമതി നല്കിയിട്ടുണ്ട്.

കിനാനൂർ കരിന്തളം പഞ്ചായത്തിൽ ആകെയുള്ള 33 പദ്ധതികൾക്കും ഭരണാനുമതി നല്കിയിട്ടുണ്ട്. മീഞ്ച പഞ്ചായത്തിൽ 21 ജലനിധി പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കി അവയ്ക്ക് സാങ്കേതികാനുമതി നല്കിയിട്ടുണ്ട്. അവയുടെ ആകെ തുക 910.38 ലക്ഷം രൂപയാണ്.

കിനാനൂർ-കരിന്തളം പഞ്ചായത്തിലെ 33 കുടിവെള്ള പദ്ധതികൾക്കായി 2031.31 ലക്ഷം രൂപയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി സാങ്കേതികാനുമതി നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ